**റ്റി.എം. മനോഹരൻ IFS**
**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്,
വഴുതക്കാട്, തിരുവനന്തപുരം – 14.
ഫോൺ : 0471 – 2339593
ഫാക്സ് : 0471 – 2338808
മൊബൈൽ: 9447979020

---

പ.സി.സി.എഫ്./106/2009. തീയതി: 15..12..2009.

## സർക്കുലർ

വിഷയം:- ശബരിമല തീർത്ഥാടനം – പമ്പയിൽ വനംവകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ളാവിന്റെ പരിസരത്ത് തീർത്ഥാടകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള ക്രമീകരണം – സംബന്ധിച്ച് –

ശബരിമലയിലെ മണ്ഡലം – മകരവിളക്ക് ഉത്സവ കാലത്ത് തീർത്ഥാടകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. വനംവകുപ്പിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരും, റിട്ടയർ ചെയ്ത വനം വകുപ്പ് ജീവനക്കാരും ഉത്സവകാലത്ത് തീർത്ഥാടനത്തിനായി ശബരിമലയിലെത്തുമ്പോൾ അവരുടെ വാഹനങ്ങൾ പമ്പ ഫോറസ്റ്റ് ഐ.ബി. പരിസരത്ത് പാർക്ക് ചെയ്യുന്നതിന് അനുവദിച്ചു വരുന്നുണ്ട്. അനധികൃത ധനസമ്പാദനത്തിനായി ചിലർ ഈ സൗകര്യം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ശബരിമല തീർത്ഥാടന കാലത്ത് പാലിക്കേണ്ട കർശന സുരക്ഷാ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ പമ്പയിൽ റാന്നി വനം ഡിവിഷന്റെ നിയന്ത്രണത്തിലുള്ള ഇൻസ്പെക്ഷൻ ബംഗ്ളാവിന്റെ പരിസരത്ത് തീർത്ഥാടകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് സംബന്ധിച്ച് ഇനി പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഫോറസ്റ്റ് കൺസർവേറ്റർ പദവിയിൽ കുറയാത്ത ഓഫീസർമാർ ഔദ്യോഗികമായി നൽകുന്ന കത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഇപ്രകാരം വാഹനം പാർക്ക് ചെയ്യുന്നതിന് അനുവദിക്കാവൂ.

2. റാന്നി ഡി.എഫ്.ഒ., റാന്നി എ.സി.എഫ്., ഗൂഡ്രിക്കൽ റെയിഞ്ച് ഓഫീസർ എന്നിവർ രേഖാമൂലം നൽകുന്ന ഔദ്യോഗിക അനുമതി പത്രത്തിന്റെ വെളിച്ചത്തിലും വാഹന പാർക്കിംഗ് അനുവദിക്കാവുന്നതാണ്.

3. അനുമതിക്കത്ത് നൽകുന്ന ഓഫീസർമാർ അതിനായി ഓഫീസ് ഫയൽ സൂക്ഷിക്കേണ്ടതാണ്.

4. മേൽ സൂചിപ്പിച്ച പ്രകാരമുള്ള മുൻകൂട്ടിയുള്ള അനുമതി നേടാതെ പമ്പയിൽ എത്തുന്ന വനം വകുപ്പുദ്യോഗസ്ഥരോ, റിട്ടയർ ചെയ്ത വനം വകുപ്പ് ജീവനക്കാരോ അവരുടെ ഔദ്യോഗിക തിരിച്ചറിയൽ രേഖകൾ ഹാജരാക്കുന്ന പക്ഷം വാഹന പാർക്കിംഗ് അനുവദിക്കാവുന്നതാണ്.

5. ഔദ്യോഗിക വാഹനങ്ങൾ ഒഴികെ മറ്റെല്ലാ വാഹനങ്ങളുടെയും പാർക്കിംഗിന് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്. 24 മണിക്കൂർ സമയത്തേയ്ക്കാണ് പാർക്കിംഗ് അനുവദിക്കാവുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ 24 മണിക്കൂറിൽ കൂടുതൽ വാഹനം പാർക്ക് ചെയ്യേണ്ടി വന്നാൽ അധിക സമയ പാർക്കിംഗിന് ഒരു ദിവസത്തേയ്ക്ക് കൂടിയുള്ള ഫീസ് ഈടാക്കാവുന്നതാണ്.

6. പാർക്കിംഗ് അനുവദിക്കുന്ന വാഹനത്തിന്റെ നമ്പർ, അനുമതി നൽകപ്പെട്ട

വ്യക്തിയുടെ പേര്, മേൽവിലാസം, അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക മേൽവിലാസം, അനുമതിക്കത്തിന്റെ നമ്പരും തീയതിയും, ഈടാക്കിയ ഫീസിന്റെ തുക, രസീതു നമ്പർ, തീയതി എന്നിങ്ങനെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ ഐ.ബി.യിൽ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

7. വനം വകുപ്പിന്റെ ഔദ്യോഗിക വാഹനങ്ങളുടെയും പരിശോധനയ്ക്കെത്തുന്ന ഓഫീസർമാരുടെ വാഹനങ്ങളുടെയും പാർക്കിംഗിനും സഞ്ചാരത്തിനും തടസ്സമുണ്ടാകാത്ത തരത്തിലും ലഭ്യമായ സ്ഥലത്തിന്റെ വ്യാപ്തിയ്ക്കനുസരിച്ചും വനത്തിനും വന്യജീവികൾക്കും നാശമുണ്ടാകാത്ത തരത്തിലും മാത്രമെ വാഹന പാർക്കിംഗ് അനുവദിക്കാവൂ.

8. പമ്പ ഇൻസ്പെക്ഷൻ ബംഗ്ളാവിൽ താമസ സൗകര്യം റിസർവ് ചെയ്തിട്ടുള്ള തീർത്ഥാടകരുടെ വാഹനങ്ങൾക്ക് ഐ.ബി. പരിസരത്ത് നിശ്ചിത ഫീസ് ഈടാക്കി ക്കൊണ്ട് പാർക്കിംഗ് അനുവദിക്കേണ്ടതാണ്.

പമ്പയിലെ വനം വകുപ്പു വക ഐ.ബി. ഡോർമിറ്ററി പരിസരങ്ങളിൽ അന്യ വാഹനങ്ങൾ പാർക്കു ചെയ്യുന്നത് കർശനമായി നിരോധിക്കേണ്ടതാണ്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ടി സ്ഥലങ്ങളിൽ വാഹന പാർക്കിംഗ് നടത്തുന്നില്ല എന്ന കാര്യം ഡി.എഫ്.ഒ. റാന്നി, എ.സി.എഫ്. റാന്നി, റെയിഞ്ചാഫീസർ ഗൂഡ്രിക്കൽ, ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട് ടൈഗർ) പെരിയാർ വെസ്റ്റ് ഡിവിഷൻ, റെയിഞ്ചാഫീസർ പമ്പ, എ.സി.എഫ്. ഫോറസ്റ്റ് കൺട്രോൾ റൂം, ശബരിമല എന്നിവർ ഉറപ്പു വരുത്തേണ്ടതാണ്. വനം വകുപ്പിന്റെ വിജിലൻസ് വിഭാഗവും അവരുടെ പരിശോധനാ വേളയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

പകർപ്പ്: അഡീഷണൽ പി.സി.സി.എഫ്. / സി.സി.എഫ്. / സി.എഫ്. / ഡി.എഫ്.ഒ./ വൈൽഡ്‌ലൈഫ് വാർഡൻ / ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട് ടൈഗർ) എന്നിവർക്ക് അറിവിനായി നൽകുന്നു.